ശ്രീ. കെ. കെ. വിശ്വനാഥൻ : കൊടാകുളങ്ങര വാസുപിള്ള ഇവിടെ വന്നിരുന്ന ദിവസം എന്റെ അടുത്തു് ഒരാൾ പറഞ്ഞു വാസുപിള്ള ഡിസ്റ്റിംഗ്വിഷ്ഡ് ഗ്യാലറിയിൽ വന്നിരുന്നുവെന്നു്. എനിക്കു് ആളിനെ അറിഞ്ഞുകൂടാ. ഒരുപക്ഷേ പറഞ്ഞയാളിനു തെറ്ററിയിരിക്കാം. അതേപ്പറ്റി ഒരന്വേഷണം നടത്തുമോ ?

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെന്റിനു് അന്വേഷിക്കേണ്ട കാര്യമില്ല.

ശ്രീ. ടി. ഒ. ബാവ : ഒരു ഡിസ്റ്റിംഗ്വിഷ്ഡ് വിസിറ്റർക്കു കൊടുത്ത പാസ് കൈമോശം വരികയും അതുമായി ഒരു കുള്ളപ്പുള്ളി ഇവിടെ വന്നിരിക്കുകയും ചെയ്യാൻ സാധ്യതയില്ലേ ?

മി. സ്പീക്കർ : ആർഡർ, ആർഡർ. അടുത്ത ചോദ്യം.

എണ്ണയാട്ടുസഹകരണസംഘങ്ങളുടെ വക പണം അപഹരിച്ചതായി പരാതി.

✱ 1707. [23] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എണ്ണയാട്ടുസഹകരണസംഘങ്ങളുടെ വക 12000 രൂപ കടയ്ക്കൽ ഓട്ടുപോസ്റ്റിലെ ഒരു പോലീസ് കാൺസ്റ്റബിൾ അപഹരിച്ചതായി വല്ല പരാതിയും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കടയ്ക്കൽ, അഞ്ചൽ, വിതുര, ചടയമംഗലം എന്നീ സ്ഥലങ്ങളിലുള്ള നാല് സഹകരണസംഘങ്ങൾക്കു് ലോണും ഗ്രാന്റുമായി അനുവദിച്ചുകയായിരുന്ന ഇരുവിധം അപഹരിച്ചതെന്നു പറയുന്നതു ശരിയാണോ ;

(സി) അതേപ്പറ്റിയുള്ള അന്വേഷണങ്ങൾ വല്ലതും പൂർത്തിയായിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) അപഹരിച്ചതായി പരാതിയില്ല. ഒരു പോലീസ് കാൺസ്റ്റബിൾ ഇതിൽ ഉൾപ്പെട്ടതായി പരാതിയുണ്ടു്. അന്വേഷണം നടത്തിവരികയാണു്.

(ബി) അന്വേഷണം പൂർത്തിയാകാതെ പറയാൻ നിവർത്തിയില്ല.

(സി) ഇല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : അപഹരണമുണ്ടോ എന്നാണു് ചോദ്യം.

ശ്രീ. കെ. പി. ഗോപാലൻ : അന്വേഷണം പൂർത്തിയാകാതെ അപഹരണമുണ്ടോ ഇല്ലയോ എന്നു പറയാൻ നിവർത്തിയില്ല.

ആശുപത്രി വാർഡറന്മാർ.

✱ 1708. [24] ശ്രീ. തോമസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ആശുപത്രികളിൽ എത്ര വാർഡറന്മാരുണ്ടു് ;

(ബി) ഒരു വാർഡറാകുന്നതിനു പ്രത്യേക യോഗ്യതയെന്തു് ;

(സി) ഒരു വാർഡറും അറ്റൻഡറും തമ്മിലുള്ള യോഗ്യതാവ്യത്യാസമെന്തു് ?

(ഡി) ഇവരിൽ ശമ്പളം കൂടുതൽ ആർക്കാണു് കൂടുതൽ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ഡാ. എ. ആർ. മേനോൻ) :

(എ) 1858.

(ബി) ആറുമാസത്തെ പരിചയം, സാക്ഷരതപമുണ്ടായിരിക്കണം.

(സി) ജോലിയിൽ പരിശീലനവും ഫോർത്ത്ഫാം സ്റ്റാൻഡാർഡുമുണ്ടായിരിക്കണം.

(ഡി) അറൻഡറന്മാരുടെ ശമ്പളം 35—60 ക.
വാർഡറന്മാർക്ക് 35—40 ക.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. തോമസ് ജോൺ : പരിശീലനമൊന്നുമില്ലാത്ത ആളുകളെ വാർഡറന്മാരായും അറൻഡറന്മാരായും നിയമിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഡാ. എ. ആർ. മേനോൻ : ഇല്ല.

ശ്രീ. തോമസ് ജോൺ : നിർഭാഗ്യവതികളായ സ്ത്രീകളെ ശുശ്രൂഷിക്കുന്നവർ പരിശീലനമില്ലാത്തവരായിരുന്നാൽ രോഗികളുടെ രോഗം വർദ്ധിക്കുകയും അതു മരണത്തിനിടയാക്കുകയും ചെയ്യുമെന്നു അറിയാമോ ?

ഡാ. എ. ആർ. മേനോൻ : അവർക്കാവശ്യമായ പരിശീലനം നൽകുന്നുണ്ട്.

ശ്രീ. തോമസ് ജോൺ : ഈ ഗവണ്മെൻറ് പരിശീലനമില്ലാത്ത ആളുകളെ ആശുപത്രികളിൽ നിയമിച്ചുവരുന്നതായി അറിയാമോ ?

ഡാ. എ. ആർ. മേനോൻ : മുൻപു പണിയുണ്ടായിരുന്ന ആളുകളെമാത്രമേ നിയമിച്ചിട്ടുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : മലബാറിൽ ഇങ്ങനെയുള്ളവർക്ക് മുൻപു കിട്ടിക്കൊണ്ടിരുന്ന ശമ്പളവും ഇപ്പോൾ കിട്ടിവരുന്ന ശമ്പളവുമായി വ്യത്യാസമുണ്ടോ ?

ഡാ. എ. ആർ. മേനോൻ : വ്യത്യാസമൊന്നുമില്ല. ഏതെങ്കിലും കാരണവശാൽ വ്യത്യാസമുണ്ടെങ്കിൽ പരിഹരിക്കാവുന്നതാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇന്നലെ വടക്കാഞ്ചേരിയിൽ ഇതുപോലെയുള്ള ഒരാൾ മരുന്നു മാറിക്കൊടുത്തതുകാരണം മരിച്ചുപോയതായി അറിയാമോ ?

ഡാ. എ. ആർ. മേനോൻ : പത്രത്തിൽ കാണുകയുണ്ടായി.

Assistance by the UNESCO for the Library Movement.

* 1709. [25] **Shri K. Hassan Gani**: Will the Minister for Education be pleased to state :

(a) the details of assistance, if any, extended by the UNESCO for the spread of Library movement in the villages ;

(b) the action taken by Government to start a net work of village libraries ; and

(c) whether Govrernment have considered the appointment of a committee to devise suitable measures to implement the above proposal ?

LIBRARY ARCHIVES Kerala Legislative Assembly